**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 658** **29.01.2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ

ചോദ്യം
ശ്രീ. വി. അബ്ദുറഹിമാൻ

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ ആരംഭിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- ഗ്രീൻ കാർപ്പറ്റ്
- കൊല്ലം ജില്ലയിലെ ജഡായുപാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- സ്വദേശ് ദർശൻ
- പ്രസാദ് സ്കീം
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- തീർത്ഥാടന ടൂറിസം പദ്ധതി
- നിശാഗന്ധി മ്യൂസിക് ഫെസ്റ്റിവൽ
- കേരളാ ബോട്ട് റേസ് ലീഗ്
- മലനാട് റിവർ ക്രൂയിസ് പദ്ധതി
- Its Time for Kerala, Come out and Play തുടങ്ങിയ നൂതന ക്യാമ്പയിനുകൾ ഇന്ത്യയിലും വിദേശത്തും സംഘടിപ്പിച്ചു.

| | |
|---|---|
| ബി) നിലവിൽ സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെ യാണെന്ന് അറിയിക്കുമോ ; ഈ മേഖലയിലെ പ്രശ്ന പരിഹാരത്തിന് ആവിഷ്കരിച്ച പുതിയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല ഇന്ന് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ച കൊണ്ടുതന്നെയാണ് മുന്നോട്ട് പോകുന്നത്. ഏറ്റവും പ്രധാന പ്രശ്നമാണ് ഹർത്താൽ. അടിക്കടി ഉണ്ടാകുന്ന ഹർത്താലുകളും, അന്താരാഷ്ട്ര-ആഭ്യന്തര വ്യോമയാന രംഗത്തെ സേവനങ്ങളുടെ കുറവും, വിമാനയാത്രാക്കൂലി ഇനത്തിലെ വർദ്ധിച്ച നിരക്കും, സർക്കാരിന് ടൂറിസം വ്യവസായ മേഖലയിൽ നിയമപരമായ അധികാരം ഇല്ലാത്തതും വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. 15.05.2018 ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. വിനോദ സഞ്ചാരികൾക്ക് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ അതാത് ജില്ലാ ഭരണകൂടങ്ങളുടെയും ആഭ്യന്തര വകുപ്പിന്റെയും സഹായത്തോടെ വിഷയം പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.<br><br>ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ നിലനിൽക്കെ തന്നെ അവ പരിഹരിക്കാനായി സ്വദേശത്തും വിദേശത്തും ശക്തമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മാസങ്ങൾക്കു മുൻപ് നടപ്പിലാക്കിയ "Come out and Play" എന്ന പരസ്യ പ്രചരണം പ്രശ്നങ്ങൾക്കുപരി സംസ്ഥാനത്ത് വിനോദ സഞ്ചാരികൾക്ക് സൗകര്യങ്ങൾ ഉറപ്പാക്കും എന്നതിന് തെളിവായിരുന്നു. അടുത്തിടെ ഉണ്ടായ പ്രളയവും വിനോദ സഞ്ചാരമേഖലയെ ദോഷകരമായി ബാധിച്ചിരുന്നു. ഇതു മറികടക്കാൻ "Its time for Kerala" എന്ന വിപണന തന്ത്ര |

| | |
|---|---|
| | പരസ്യം ആണ് വകുപ്പ് ആവിഷ്കരിച്ചത്. സ്വദേശ/വിദേശ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും ടൂറിസം വകുപ്പ് പ്രതിനിധികൾ നേരിട്ട് പങ്കെടുത്ത് കേരളം ടൂറിസം രംഗത്ത് മികച്ച രീതിയിൽ തന്നെ മുന്നേറുന്നുവെന്നും എതിർ പ്രചരണങ്ങൾ ശരിയല്ല എന്നുമുള്ള രീതിയിൽ വിശദീകരിക്കാറുണ്ട്. ടൂറിസം മേഖലയിലെ പ്രശ്ന പരിഹാരത്തിന് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പരസ്യ ക്യാമ്പയിനുകൾ മികച്ച പ്രതികരണമാണ് ഇക്കാലയളവിൽ ഉണ്ടാക്കിയിട്ടുള്ളതെന്ന് തന്നെയാണ് കരുതുന്നത്. |
| സി) 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാനത്ത് എത്തിയ വിദേശവിനോദ സഞ്ചാരികളുടെ കണക്ക് ലഭ്യമാക്കുമോ? | സി) 2016-17 വർഷം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 10,46,738 ആണ്. 2017-18 വർഷം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 11,39,526 ആണ്. |

സെക്ഷൻ ഓഫീസർ